# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.61

26-02-2018 ൽ മറുപടിയ്ക്ക്

## ശബ്ദമലിനീകരണം നിയന്ത്രിക്കുവാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അടൂർ പ്രകാശ്**<br>**ശ്രീ.എൽദോസ്**<br>**പി. കുന്നപ്പിള്ളിൽ**<br>**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**<br>**ശ്രീ.അനിൽ അക്കര** | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| എ) സംസ്ഥാനത്ത് ശബ്ദമലിനീകരണം നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) ശബ്ദമലിനീകരണം നിയന്ത്രിക്കുവാൻ നോയിസ് പൊല്യൂഷൻ (റെഗുലേഷൻ & കൺട്രോൾ) റൂൾസ് 2000, കേരള പോലീസ് ആക്ട് 2010 എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>ശബ്ദമലിനീകരണ ചട്ടങ്ങൾ കർശനമായി പാലിക്കുന്നത് സംബന്ധിച്ച 28-04-2015 തീയതിയിലെ സ.ഉ.(പി) നം.6/2015/പരി. പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br>ബഹു.ഹൈക്കോടതിയുടെ WP(C) 7261/17 ലെ 02-03-17 ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലൗഡ് സ്പീക്കർ ഉപയോഗിക്കുന്നതു മൂലമുള്ള ശബ്ദമലിനീകരണം നിയന്ത്രിക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുവരുന്നുണ്ട്.<br>വാഹനങ്ങളിൽ 72 ഡെസിബെൽ ആവൃത്തിക്ക് മുകളിലുള്ള ഹോണുകൾ ഉപയോഗിക്കുന്നതിനും കർശ്ശന നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ഈ വിഷയത്തിൽ മോട്ടോർ വാഹനവകുപ്പിൽ നിന്നും നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ അനധികൃതമായി മാറ്റം വരുത്തി വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള സൈലൻസർ ഒഴിവാക്കുന്ന |

| | | | |
|---|---|---|---|
| | | | തിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. ശബ്ദമലിനീകരണം സംബന്ധിച്ച് ലഭിക്കുന്ന പരാതികളിന്മേൽ മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്കർഷിച്ചിട്ടുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുവരുന്നുണ്ടോയെന്ന് പരിശോധിക്കുകയും, കുറ്റക്കാർക്കെതിരെ Noise Pollution (Regulation & Control) Rule 2000 പ്രകാരം പോലീസ് വകുപ്പിൽ നിന്നും കേസുകൾ രജിസ്റ്റർ ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ജില്ലാ കളക്ടർമാർ ശബ്ദമലിനീകരണം നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് പോലീസ് വകുപ്പ്, ആരോഗ്യവകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നീ വകുപ്പുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.<br>വ്യവസായ സ്ഥാപനങ്ങളിലെ ശബ്ദമലിനീകരണ നിയന്ത്രണത്തിനായി മലിനീകരണ നിയന്ത്രണ ബോർഡ് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| ബി) | ഇക്കാര്യം പരിശോധിക്കുന്നതിനായി പ്രത്യേക പരിശോധനാ സംഘം രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ തലത്തിലുള്ള ഉദ്യോഗസ്ഥരാണ് പ്രസ്തുത സംഘത്തിൽ ഉള്ളത്; | ബി) | രൂപീകരിച്ചിട്ടില്ല. |
| സി) | രാഷ്ട്രീയപാർട്ടികൾ ഉൾപ്പെടെയുള്ളവരുടെ യോഗങ്ങൾ മൂലം രാത്രി പത്ത് മണിക്കുശേഷവും ശബ്ദമലിനീകരണം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് തടയുന്നതിന് കർശന നടപടി സ്വീകരിക്കുമോ? | സി) | ഉണ്ട്. ശ്രദ്ധയിൽപ്പെട്ട കേസുകളിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രാത്രി 10 മണിക്കുശേഷം ശബ്ദമലിനീകരണത്തിനു കാരണമാകുന്ന ലൗഡ് സ്പീക്കർ പോലെയുള്ള ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകാറില്ല. |

സെക്ഷൻ ഓഫീസർ